**No.CEE/4900/2015/KEAM-2016/TA1**


**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**


# പത്രക്കുറിപ്പ്

## കേരള എൻജിനീയറിംഗ്/മെഡിക്കൽ പ്രവേശന പരീക്ഷ – 2016

## വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ

2016 ഏപ്രിൽ 25 മുതൽ 28 വരെ നടത്തപ്പെടുന്ന കേരള എൻജിനീയറിംഗ്/മെഡിക്കൽ പ്രവേശനപരീക്ഷകൾക്കുള്ള ഒരുക്കങ്ങളെല്ലാം പൂർത്തിയായി. കേരളത്തിലെ 347 പരീക്ഷാകേന്ദ്രങ്ങളിലും ആവശ്യമായ പൊലീസ് സുരക്ഷ ഏർപ്പെടുത്തുന്നതിനും ഇൻറർനെറ്റ്, വൈദ്യുതി, വെള്ളം, മതിയായ യാത്രാ സൗകര്യം എന്നിവ ലഭ്യമാക്കുന്നതിനും ബന്ധപ്പെട്ട അധികാരികൾക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പ്രവേശനപ്പരീക്ഷയ്ക്കുള്ള അപേക്ഷയിലെ ന്യൂനതകൾ കാരണം തടഞ്ഞുവെയ്ക്കപ്പെട്ടിട്ടുള്ള ഭൂരിഭാഗം വിദ്യാർത്ഥികൾക്കും ഉപാധികളോടെ അഡ്മിറ്റ് കാർഡ് ലഭ്യമാക്കിയിട്ടുണ്ട്. അഡ്മിറ്റ് കാർഡിന്റെ കളർപ്രിന്റൗട്ടുമായി വിദ്യാർത്ഥികൾ നിശ്ചിത സമയത്തിനുമുൻപുതന്നെ പരീക്ഷാ കേന്ദ്രങ്ങളിൽ എത്തിച്ചേരുന്നത് ഉചിതമായിരിക്കും. പരീക്ഷാകേന്ദ്രങ്ങളിൽ മൊബൈൽഫോണുകൾ കർശനമായി നിരോധിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾ പരീക്ഷാ കേന്ദ്രങ്ങളിൽ മൊബൈൽഫോണുകളോ, മറ്റു ഇലക്ട്രോണിക് സാമഗ്രികളോ കൊണ്ട് പരീക്ഷാഹാളിൽ പ്രവേശിച്ചാൽ അത് പരീക്ഷാക്രമക്കേടായി കണക്കാക്കുന്നതാണ്. അത്തരക്കാരിൽ നിന്നും അവ കണ്ടുകെട്ടി റിപ്പോർട്ട് ചെയ്യുന്നതിനും, സംശയമുള്ള വിദ്യാർത്ഥികളുടെ ദേഹപരിശോധന ഉൾപ്പെടെ നടത്തുന്നതിനും ചീഫ് സൂപ്രണ്ടുമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**പ്രവേശനപരീക്ഷാകമ്മീഷണർ**

തിരുവനന്തപുരം,
23–04–2016.